## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2263 | 08.05.2017-ൽ മറുപടിയ്ക്ക് |

## മഞ്ചേരി ഔട്ടർ റിംഗ് റോഡിന്റെ പ്രവൃത്തി

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) മഞ്ചേരി ഔട്ടർ റിംഗ് റോഡിന്റെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നു വിശദമാക്കാമോ; | (എ) മഞ്ചേരി ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ് പ്ലാൻ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തിക്കായുള്ള സ്ഥലം ഏറ്റെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) ഇല്ല. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർവ്വേ നടപടികൾ സ്ഥലമുടമകളുടെ ശക്തമായ എതിർപ്പിനെ തുടർന്ന് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. |
| (സി) ഇതു സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിലും ജനപ്രതിനിധികളുമായും നടത്തിയ ചർച്ച കളുടെ തീരുമാനങ്ങൾ തീയതി സഹിതം അറിയിക്കാമോ; | (സി) സർവ്വെ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 11.08.2016-ന് ശ്രീ. എം. ഉമ്മർ എം.എൽ.എയുടെ നേതൃത്വത്തിൽ മഞ്ചേരി നിരത്തു വിഭാഗം ഡിവിഷൻ ഓഫീസിൽ ചേർന്ന യോഗത്തിൽ തീരുമാനമുണ്ടായി. |
| (ഡി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്ന കാര്യത്തിൽ അനന്തമായ കാല താമസത്തിന്റെ കാരണം വിശദമാക്കാമോ; | (ഡി) സർവ്വെ നടപടികൾ പൂർത്തി യാകാത്തതിനാലാണ് കാലതാമസം നേരിടുന്നത്. |
| (ഇ) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ? | (ഇ) സർവ്വെ നടപടികൾ പൂർത്തീകരിച്ച് സ്ഥലം പൂർണമായി ഏറ്റെടുത്തെങ്കിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

Sd/-
സെക്ഷൻ ഓഫീസർ